പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3358

16.12.2015 ലെ മറുപടിയ്ക്ക്

## കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | **(എ)** | ഉണ്ട്. കുറഞ്ഞ ഉല്പാദനം, ഉല്പാദനക്ഷമത, വിപണിയിൽ കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ്, പ്രകൃതിക്ഷോഭം, കീടരോഗബാധ, തൊഴിലാളികളുടെ അഭാവം തുടങ്ങിയവയാണ് കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഇവയെപ്പറ്റി പഠിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രശ്ന പരിഹാരത്തിനായി വിവിധ കാർഷിക വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു കാർഷിക നയം സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ചിട്ടുണ്ട്. |
| **(ബി)** കാർഷിക വിളകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിളകളുടെ വിലത്തകർച്ച തടയുന്നതിനും, വിപണി ഉറപ്പ് വരുത്തുന്നതിനും നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;<br><br>**(സി)** ഉൽപാദനോപാധികളുടെ വിലവർദ്ധനവ്, തൊഴിലാളികളുടെ കുറവ് തുടങ്ങി പ്രസ്തുത മേഖല നേരിടുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് കൃഷി ആകർഷകമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | **(ബി) & (സി)** | കാർഷിക വിളകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിളകളുടെ വിലത്തകർച്ച തടയുന്നതിനും, വിപണി ഉറപ്പ് വരുത്തുന്നതിനും ഉൽപാദനോപാധികളുടെ വിലവർദ്ധനവ്, തൊഴിലാളികളുടെ കുറവ് തുടങ്ങി കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് കൃഷി ആകർഷകമാക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

✓

## അനുബന്ധം

കേരളത്തിലെ പ്രധാന വിളകളായ നാളികേരം, പച്ചക്കറി, വാഴ, നെല്ല് എന്നിവയുടെ വിള വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിത്ത്/തൈ വിതരണം മുതൽ വിളവെടുപ്പ് വരെയുള്ള വിവിധ കാർഷിക പ്രവൃത്തികൾക്ക് പദ്ധതി മുഖേന ധനസഹായം നൽകിവരുന്നു. കൂടാതെ മറ്റ് വിളകളായ കുരുമുളക്, മറ്റ് സുഗന്ധവ്യഞ്ജന വിളകൾ, പയർ, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവയുടെ കൃഷി പരിപോഷിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വിളകളിലെ കീട-രോഗ ബാധ മുൻകൂർ മനസ്സിലാക്കുന്നതിനായി കീടരോഗ നിരീക്ഷണവും, ആവശ്യമായ കരുതൽ നടപടി സ്വീകരിക്കുന്നതിനും ഇവ നിയന്ത്രിക്കുന്നതിനും വേണ്ട സാങ്കേതിക സഹായം നൽകുന്നതിനായി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ വിള ആരോഗ്യ ക്ലിനിക്കുകളും കൊല്ലം, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ റഫറൽ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.

മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതിയനുസരിച്ച് മണ്ണ് പരിശോധനയിലൂടെ വളപ്രയോഗ ശുപാർശ, കുമ്മായം പോലുള്ള ഘടകങ്ങൾ മണ്ണിൽ ചേർക്കുന്നതിന് ധനസഹായം എന്നിവ നൽകി വരുന്നു.

കൃഷിപ്പണികൾ കുറഞ്ഞ സമയം കൊണ്ട് മികച്ച രീതിയിൽ നടത്തുന്നതിനും കർഷക തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും കാർഷിക യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നു. സംസ്ഥാനത്ത് രൂപീകരിച്ച 65 അഗ്രോ സർവ്വീസ് സെന്ററുകൾ, 200 കാർഷിക കർമ്മസേനകൾ എന്നിവ കർഷകന്റെ കൃഷിത്തോട്ടത്തിൽ ആവശ്യമായ കൃഷിപ്പണികൾ യന്ത്രോപകരണങ്ങളുടെ സഹായത്തോടെ മിതമായ നിരക്കിൽ ചെയ്തുകൊടുക്കുന്നു.

കാർഷിക മേഖലയിലെ പുത്തൻ അറിവുകൾ കർഷകരിലെത്തിക്കുന്നതിന് കാർഷിക വിജ്ഞാന വ്യാപന പദ്ധതി സഹായിക്കുന്നു. വിവിധ പരിശീലന പരിപാടികൾ, മേളകൾ, പ്രദർശനങ്ങൾ, പഠനയാത്രകൾ എന്നിവ പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തുന്നു. 'ഹൈടെക് അഗ്രിക്കൾച്ചർ' പദ്ധതി വഴി പോളി ഹൗസ് നിർമ്മാണം, പ്രിസിഷൻ ഫാമിംഗ് എന്നിവയ്ക്ക് ധനസഹായം നൽകി വരുന്നു. കുട്ടനാട്, ഇടുക്കി, വയനാട് തുടങ്ങിയ പ്രത്യേക പ്രദേശങ്ങൾക്ക് പാക്കേജ് പദ്ധതികളും നടപ്പിലാക്കി വരുന്നു.

ജൈവ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന 'ജൈവ കൃഷി വികസന പദ്ധതി' വഴി ജൈവ കർഷകർക്ക് ഉല്പാദനം, വിപണനം, എന്നിവയ്ക്ക് വേണ്ട സഹായം വിഭാവന ചെയ്യുന്നു.

കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 6 മൊത്തവ്യാപാര കാർഷിക വിപണികൾ മുഖേനയും 5 ജില്ലാതല സംഭരണ കേന്ദ്രങ്ങൾ മുഖേനയും വിവിധ പ്രാദേശിക കാർഷിക വിപണികൾ മുഖേനയും കാർഷികോല്പന്നങ്ങളുടെ സംഭരണം, അവ ലേലം ചെയ്യുന്നതിലൂടെ കർഷകർക്ക് മികച്ച വരുമാനം എന്നിവ സാധ്യമാക്കുന്നു. വിപണിയിലെ ഇടപെടൽ പദ്ധതിയിലൂടെ നിശ്ചിത നിരക്കിൽ ഉല്പന്നങ്ങൾ സംഭരിച്ച് വിലത്തകർച്ച ഒഴിവാക്കുന്നു.

നാളികേരത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്നമായ നീരയുടെ ഉല്പാദനത്തിനും വിപണനത്തിനും നടപ്പിലാക്കി വരുന്ന പദ്ധതികൾ ഈ മേഖലയിൽ പുത്തൻ ഉണർവ്വ് ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രൊജക്ട് അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

പ്രകൃതിക്ഷോഭം, വന്യജീവികളുടെ ആക്രമണം എന്നിവ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി വിള ഇൻഷ്വറൻസ് പദ്ധതി, അത്തരം സാഹചര്യങ്ങളെ തരണം ചെയ്ത് വിള ഉല്പാദനം ഉറപ്പാക്കുന്നതിന് കണ്ടിജൻസി പ്രോഗ്രാം എന്നിവയും നടപ്പിലാക്കി വരുന്നു.

കാർഷിക മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കൽ, ആധുനിക കൃഷിരീതികൾ കാർഷിക രംഗത്ത് അവലംബിക്കൽ എന്നിവയാണ് കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ പ്രത്യേകിച്ച് ചെറുപ്പക്കാരെ,

ആകർഷിക്കുവാനുള്ള മാർഗ്ഗം. ഈ ലക്ഷ്യത്തോടെ താഴെപ്പറയുന്ന നൂതന പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി വകുപ്പിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

## 1. ഹൈടെക് അഗ്രിക്കൾച്ചർ

ആധുനിക കൃഷി രീതികൾ അവലംബിച്ച് കുറഞ്ഞ വിസ്തൃതിയിൽ നിന്നും മികച്ച ഉല്പാദനം എല്ലാ സീസണിലും കൈവരിക്കുവാൻ ഗ്രീൻ ഹൗസ്, പോളി ഹൗസ് കൃഷി രീതികളിലൂടെ സാധ്യമാകുന്നു. പച്ചക്കറി, പുഷ്പകൃഷി എന്നിവയാണ് ഇതിലൂടെ കൂടുതൽ കൃഷി ചെയ്തുവരുന്നത്. ആകെ ചെലവിന്റെ 50-75% വരെ, നിബന്ധനകൾക്ക് വിധേയമായി, ധനസഹായമായി നൽകിവരുന്നു. കൃത്യതാകൃഷി (പ്രിസിഷൻ ഫാമിംഗ്)-യ്ക്കും പ്രസ്തുത പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു.

## 2. അഗ്രോ സർവ്വീസ് സെന്റർ

തെരഞ്ഞെടുത്ത 65 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. യന്ത്രോപകരണങ്ങളുടെ സഹായത്തോടെ കൃഷിപ്പണികൾ കർഷകരുടെ കൃഷിയിടത്തിൽ നേരിട്ടെത്തി മിതമായ നിരക്കിൽ ചെയ്തുകൊടുക്കുന്ന പരിശീലനം ലഭിച്ച ചെറുപ്പക്കാരാണ് ഇതിന് പിന്നിൽ. കൃഷി വകുപ്പ് ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളുമടങ്ങുന്ന കമ്മിറ്റി, സെന്ററിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നു.

## 3. കാർഷിക കർമ്മസേന

ഗ്രാമപഞ്ചായത്ത് തലത്തിൽ കാർഷികപ്പണികൾ യന്ത്രോപകരണങ്ങളുടെ സഹായത്തോടെ ചെയ്യുന്നതിന് വിദഗ്ധ തൊഴിലാളികളടങ്ങുന്ന 200 കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. കാർഷിക കർമ്മസേനയുടെ പ്രവർത്തനവും മേൽനോട്ടവും അഗ്രോ സർവ്വീസ് സെന്ററിന്റെ അതേ രീതിയിലാണ്.

സെക്ഷൻ ഓഫീസർ